

# ഡോ. സാമുവൽ ചന്ദനപ്പള്ളി: വിശുദ്ധിയുടെ പടവുകൾ കയറിയ ശ്രേഷ്ഠഗുരു

**ഫാ. കെ. എം. ജോർജ്**

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വ്യാപകമായ സംഭാവനകൾ നൽകിയ ഡോ. സാമുവൽ ചന്ദനപ്പള്ളി എന്ന വലിയ പണ്ഡിതൻ വിനയത്തിന്റെ നിറകുടം ആയിരുന്നു. അദ്ദേഹത്തെ സഭയുടെ അതിരുകളിൽ ഒതുക്കാൻ സാധിക്കുകയില്ല. നാടിന്റെ സാമൂഹികവും, ഭാഷാപരവും, സാഹിതീയവുമായ പുരോഗതിയിൽ നിർണ്ണായക സംഭാവന ചെയ്ത ഒരു വലിയ ശ്രേഷ്ഠഗുരുവായിരുന്നു ഡോ. ചന്ദനപ്പള്ളി. അദ്ദേഹത്തിന് ജന്മം നൽകിയ നാടിന് അതിൽ അഭിമാനിക്കാം.

മലയാളഭാഷ 17-ാം നൂറ്റാണ്ടിൽ പുതിയ വഴിത്തിരിവിലേക്ക് പ്രവേശിച്ചപ്പോൾ, മിഷനറി ഗദ്യത്തെക്കുറിച്ചും അത് നമ്മുടെ സംസ്കാരത്തിനും സാഹിത്യത്തിനും നൽകിയ സംഭാവനകളെക്കുറിച്ചും വിശദമായ ഗവേഷണം നടത്തുകയും അങ്ങനെ പുതിയ ഗവേഷണ ശാഖതന്നെ രൂപപ്പെടുത്തിയെടുക്കുകയും ചെയ്തതിൽ അദ്ദേഹത്തോട് കേരള ജനത മുഴുവൻ കടപ്പെട്ടിരിക്കുകയാണ്.

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ആധുനിക സഭയുടെ ചരിത്രം കേസിന്റെ ചരിത്രമാണെന്ന് അകത്തുള്ളവരും പുറത്തുള്ളവരും അവജ്ഞയോടെ പറയാറുണ്ട്. എന്നാൽ കേസിന്റെ ചരിത്രം മാത്രമല്ല, ഗഹനമായ വേദശാസ്ത്ര ചിന്തയുടെയും ആഴമായ വിശ്വാസത്തിന്റെയും ചരിത്രം ആണതെന്ന് ചന്ദനപ്പള്ളിയുടെ പരിശ്രമം മൂലം നമുക്കിന്നറിയാം. സഭാ പിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിലൂടെ, കഴിഞ്ഞ 200 വർഷങ്ങളിലെ അതിവിപുലമായ വേദശാസ്ത്ര വിജ്ഞാനസമ്പത്ത്, ആദ്ധ്യാത്മിക ജീവന്റെ പ്രവാഹം, അതാണ് അദ്ദേഹം വെളിപ്പെടുത്തിയത്. ഇനി ആർക്കും അതുപോലെ ചെയ്യാൻ സാധിക്കില്ല.

നിസ്വാർത്ഥമായ ജ്ഞാനതൃഷ്ണ, അന്വേഷണ താൽപര്യം, ആദ്ധ്യാത്മിക സാധനയോട് അടുക്കുന്നതാണ്. ആദ്ധ്യാത്മസാധനയിൽ വിജയിക്കുന്നവന്റെ മുഖം പ്രകാശിക്കുന്നതുപോലെ ഒരു നല്ല ഗവേഷകന്റെ

മുഖം പ്രകാശിക്കുന്നു. ആദ്ധ്യാത്മിക ജീവിതത്തിൽ വിജയിക്കുന്നവന്റെ ഹൃദയം സുതാര്യമായിരിക്കുന്നതു പോലെ, നല്ല ഗവേഷകന്റെ ഹൃദയവും സുതാര്യവും നിഷ്കളങ്കവും ആയിരിക്കുന്നു. ഡോ. സാമുവൽ ചന്ദനപ്പള്ളി അങ്ങനെയുള്ള തപസ്സിൽ ഏർപ്പെട്ടിരുന്ന ഒരാളാണ്. അദ്ദേഹം വിശുദ്ധിയുടെ പടവുകൾ കയറി എന്നു പറയുവാൻ അങ്ങേയറ്റം ദൈവസന്നിധിയിൽ നന്ദിയുണ്ട്. സാധാരണ ഗതിയിൽ പലരെയും പരീക്ഷിക്കുന്ന ദ്രവ്യാഗ്രഹവും അധികാരമോഹവും ഈ പണ്ഡിതനെ അലട്ടിയിരുന്നില്ല. അദ്ദേഹത്തിന്റെ മുഖം ദൈവസന്നിധിയിൽ പ്രകാശിക്കും. അദ്ദേഹം നിസ്വാർത്ഥമായ പ്രതിബദ്ധതയോടെ ഈ സമൂഹത്തിനു ചെയ്ത സേവനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ദൈവം പ്രകാശത്തിന്റെ മണവറയിൽ അദ്ദേഹത്തെ സ്വീകരിക്കും, അദ്ദേഹത്തിന്റെ ആത്മാവിന്റെ പ്രകാശം, അക്ഷരത്തിന്റെ പ്രകാശം നമുക്കെന്നും ദീപസ്തംഭം ആയിരിക്കട്ടെ.

# പാതിരിമലയാളത്തിന്റെ പവിത്രത തേടിയ തീർത്ഥാടകൻ

### പ്രീത് ചന്ദനപ്പള്ളി

'പാതിരി മലയാളം' എന്ന് പരിഹാസപ്പേരു നല്കി മലയാളഗദ്യത്തിന്റെ 'വികൃതമുഖ'ങ്ങളിലൊന്നായി അടുത്ത കാലം വരെ ചിത്രീകരിച്ചിരുന്ന മിഷനറി ഗദ്യത്തിനു തനതു വ്യക്തിത്വം നൽകി 'ആധുനിക മലയാള ഗദ്യചരിത്രത്തിന്റെ തുടക്കം' എന്ന് സ്ഥാപിച്ചെടുത്ത ഗവേഷകനും ഭാഷാചരിത്രകാരനുമായിരുന്നു ഡോ. സാമുവൽ ചന്ദനപ്പള്ളി. മലയാളഭാഷയിലെ ഗദ്യശാഖയുടെ പിതൃത്വം കേരളവർമ്മ വലിയ കോയിത്തമ്പുരാനല്ല അത് റവ. ജോർജ്ജ് മാത്തനും മിഷനറിമാർക്കുമാണ് എന്ന വാദഗതി ഗവേഷണ രേഖകളുടെ ശക്തമായ പിൻബലത്തോടെയാണ് ഡോ. ചന്ദനപ്പള്ളി അവതരിപ്പിച്ചത്. മലയാള ഭാഷാസാഹിത്യചരിത്രത്തിന്റെ ഒരു ദിശാവ്യതിയാനം ആയിരുന്നു ഇത്.

കേരള സാഹിത്യ ചരിത്രം നാലാം വാല്യത്തിൽ മഹാകവി ഉള്ളൂർ ഇങ്ങനെ രേഖപ്പെടുത്തുന്നു. "പാശ്ചാത്യ സമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ ഇദംപ്രഥമമായി അവതരിപ്പിച്ച് പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ റവ. ജോർജ് മാത്തനാണ്. ആ പദ്ധതി വേണ്ടവിധത്തിൽ പരിഷ്കരിച്ചു വികസിപ്പിച്ച് അനവദ്യവും സർവ്വാംഗരമണീയവുമാക്കിത്തീർത്തത് കേരളവർമ്മ വലിയ കോയിത്തമ്പുരാനാണെന്നും പറയേണ്ടതുണ്ട്." ഈ അഭിപ്രായത്തിന്റെ പൊളിച്ചെഴുത്താണ് ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ ഗവേഷണ തപസ്യ.

എ. ഡി. ഒമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച മലയാള ഗദ്യത്തിന്റെ ലിഖിത പാരമ്പര്യത്തിൽ തുടങ്ങുന്നു ചന്ദനപ്പള്ളിയുടെ ഗവേഷണവും. രണ്ടാം ചേരസാമ്രാജ്യത്തിന്റെ സ്ഥാപകരും പുരസ്കർത്താക്കളുമായിരുന്ന കുലശേഖര ചക്രവർത്തിമാരുടെ താമ്രശിലാശാസനങ്ങളാണ് ഗദ്യ പാരമ്പര്യത്തിന്റെ പ്രാഗ്‌രൂപങ്ങൾ. അവയിലൂടെ വളർന്നു വന്നിട്ടുള്ള രാജശാസന ഭാഷയെ 'ശാസന മലയാളം' എന്ന് ചന്ദനപ്പള്ളി വിളിക്കുന്നു. ഈ ഭാഷാഭേദത്തിന്റെ സ്വഭാവത്തെക്കുറിച്ച് നേരത്തെ പ്രധാനമായും മൂന്ന് പഠനങ്ങളാണ് നടന്നിട്ടുള്ളത്. ഡോ. എ. സി. ശേഖറുടെ *Evolution of Malayalam*, പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ *കേരളഭാഷയുടെ വികാസപരിണാമങ്ങൾ*, പ്രൊഫ. സി. എൽ. ആന്റണിയുടെ *ഭാഷാഗദ്യം* എന്നീ കൃതികളാണവ.

ഈ കാലഘട്ടത്തിൽ രാജഭാഷയായ ചെന്തമിഴിലേക്കു കേരളത്തിലെ വ്യവഹാര ഭാഷയുടെ തള്ളികയറ്റമാണ് കാണുന്നത്. ഈ തള്ളിക്കയറ്റം മൂലം രാജഭാഷയ്ക്ക് ഘടനാപരമായ ശൈഥില്യം നേരിട്ടു. ഈ ശൈഥില്യത്തിന്റെ തെളിവാണ് അക്കാലത്ത് കേരളത്തിലുണ്ടായിട്ടുള്ള ശിലാശാസനങ്ങളും മറ്റും. "യഥാർത്ഥത്തിൽ ശിലാശാസനങ്ങൾ അതേപടി" സാമാന്യ വ്യവഹാര ഭാഷയ്ക്ക് പ്രതിനിധീഭവിക്കുന്നില്ല. അവയിൽ കാണുന്ന ചെന്തമിഴല്ലാത്ത പദങ്ങളും പ്രയോഗങ്ങളും ശൈലികളും മാത്രമാണ് അന്നത്തെ കേരളഭാഷയുടെ ചിത്രം എന്ന് പ്രൊഫ. സി. എൽ. ആന്റണി സമർത്ഥിക്കുന്നുണ്ട്.

'ശാസന മലയാള'ത്തെക്കുറിച്ചുള്ള ചന്ദനപ്പള്ളിയുടെ കണ്ടെത്തൽ ഇങ്ങനെയാണ്: "ആധുനിക ഗദ്യശൈലിയുടെ ഉല്പത്തി ഈ ശാസന ഗദ്യശൈലിയിൽ നിന്നല്ല. പില്ക്കാലത്തെ തിട്ടൂരങ്ങളിലും രാജകീയ വിളംബരങ്ങളിലും, നിയമരേഖകളിലും കൂടി കടന്നു ആധുനിക കാലത്തെ ആധാരമെഴുത്തു ശൈലിയിലേക്കായിരുന്നു അതിന്റെ വളർച്ച."

ഭാഷാ കൗടലീയം, ആട്ടപ്രകാരം, ക്രമദീപിക എന്നീ ഗദ്യകൃതികളെ പന്ത്രണ്ടും പതിമൂന്നും ശതകങ്ങളിലെ ഭാഷാഗദ്യത്തിന്റെ മാതൃകകളായി സ്വീകരിക്കാം. കേരളത്തിൽ അന്ന് നിലവിലിരുന്ന ബലീയസ്സായ നാട്ടുഭാഷയുടെ സാന്നിദ്ധ്യത്തെയും അംഗീകാരത്തെയുമാണ് ഭാഷാകൗടലീയം വിളംബരം ചെയ്യുന്നത്. കൗടലീയമായപ്പോഴേക്കും കനത്ത ഒരു ശാസ്ത്രം കൈകാര്യം ചെയ്യത്തക്കവിധം മലയാള ഭാഷ വളർന്നുവെന്നതിന് മികച്ച തെളിവുകൂടിയാണ് ഈ ഗ്രന്ഥം. എങ്കിലും ഈ സമയത്തും മലയാളഗദ്യത്തിന് കാലുറച്ചിരു

ന്നില്ല എന്ന് കെ. എൻ. എഴുത്തച്ഛൻ രേഖപ്പെടുത്തുന്നു.

ശാസനങ്ങൾ, ഭാഷാകൗടലീയം എന്നീ വിവിധ ഗദ്യങ്ങളുടെയും മാർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു മാർഗ്ഗം ആട്ടപ്രകാരങ്ങളും ക്രമദീപികകളും ഭാഷാഗദ്യചരിത്രത്തിൽ തുറന്നുവിട്ടു. എങ്കിലും വീണ്ടും ഭാഷ സംസ്കൃത പ്രചുരമായ കഥാപ്രസംഗശൈലിയിലേക്ക് തിരിച്ചുപോവുകയും സംഭാഷണഗദ്യത്തിൽ നിന്നു വിട്ടുമാറുകയും ചെയ്തു. പതിനാലാം നൂറ്റാണ്ടിൽ പുരാണ കഥാകഥനത്തിനായി നമ്പ്യാർ ഉപയോഗി ച്ചിരുന്ന ഗദ്യം "നമ്പ്യാന്തമിഴ്" എന്ന പേരിൽ ഒരു പ്രത്യേക സാഹിത്യ ഭാഷാരീതിയായി മാറി.

പലപ്പോഴും ശൈവ-ബൗദ്ധ മതങ്ങളെ എതിർക്കുന്നതിനായി തന്നെ പുരാണ കഥാഖ്യാനങ്ങൾ ഭാഷയി ലാക്കേണ്ടി വന്നിട്ടുണ്ട്. ഭാഗവതം ഭാഷ, ബ്രഹ്മാണ്ഡപുരാണം, അംബരീക്ഷോപാഖ്യാനം തുടങ്ങിയ കൃതി കൾ ഇത്തരം പുരാണകഥകൾ പ്രപഞ്ചനം ചെയ്യുന്നവയാണ്. പലതും സംസ്കൃതത്തിൽ നിന്നുള്ള തർജ്ജ മകളോ അനുകൃത ആശയങ്ങളോ ആണ്. ഇതിൽ ജനങ്ങളുമായി അത്രയൊന്നും സംവദിക്കാൻ സാധി ക്കാത്ത പ്രത്യേക തരത്തിലുള്ള ഒരു തരം പുരാണാഖ്യാന ശൈലിയാണ് ഇതിലുള്ളത്. ഇവ പണ്ഡിതരെ സ്വാധീനിച്ചിരിക്കാം എന്നുള്ളതല്ലാതെ ബഹുജനശൈലിയുമായി ഇവയ്ക്കു ബന്ധമില്ല. അതുകൊണ്ടാണ് പതിനാറാം ശതകം ആരംഭിച്ചപ്പോഴേക്കും ഭാഷയിലും സംസ്ക്കാരത്തിലും ഇവിടെ അനുഭൂതമായിരുന്ന നിശ്ചലതയ്ക്ക് എതിരെ ഒരു നിശബ്ദ വിപ്ലവം മറ്റു സാംസ്കാരിക ശക്തികൾക്ക് അഴിച്ചുവിടേണ്ടി വന്നത് എന്ന നിഗമനത്തിലെത്തി ചേരുകയാണ് ഡോ. ചന്ദനപ്പള്ളി.

പതിനാറാം നൂറ്റാണ്ട് കേരളചരിത്രത്തിലും ഭാഷാചരിത്രത്തിലും സുപ്രധാന ഘടകമാണ്. 12-ാം നൂറ്റാ ണ്ടോടുകൂടി കുലശേഖര ചക്രവർത്തിമാരുടെ ഏകീകൃതഭരണം തകർന്നു. പിന്നീട് അരങ്ങേറിയത് ഫ്യൂഡൽ വ്യവസ്ഥിതിയാണ്. ഈ ഫ്യൂഡൽ വ്യവസ്ഥിതി അതിന്റെ ചരമയാമത്തെ പ്രാപിച്ചപ്പോൾ പോർട്ടുഗീസുകാർ "ഒരു കൈയിൽ വാളും മറുകൈയിൽ കുരിശുമായി കേരളത്തിലെത്തി" ബുദ്ധി യും ശക്തിയും ഉപയോഗിച്ച് കേരളക്കരയിൽ അധികാരം സ്ഥാപിച്ച പോർട്ടുഗീസുകാർ മതപ്രചരണവും ലക്ഷ്യമിട്ടിരുന്നു. സംഘടിതവും നൂതനവുമായ ശൈലിയിലായിരുന്നു അവരുടെ പ്രചരണരീതി. സാധാരണ ജനങ്ങളുടെ മനസ്സിലേക്ക് ഇറ ങ്ങിചെല്ലണമെങ്കിൽ ഇവിടുത്തെ പണ്ഡിത ഭാഷ അറിയുകയല്ല മറിച്ച് വ്യവഹാരഭാഷ മനസ്സിലാക്കുകയാ ണെന്ന് അവർ കണ്ടെത്തി. മദ്ധ്യകാല കേരളത്തിൽ നിലനിന്നിരുന്ന ഹൈന്ദവവീക്ഷണം കൂടുതലും ദാർശ നികമായിരുന്നു. അതിനോടും അതിന്റെ ആവിഷ്കാരമാധ്യമങ്ങളോടും സാമാന്യ ജനങ്ങൾക്കു പിന്നെ, പിന്നെ താല്പര്യം കുറഞ്ഞ മട്ടായി. മിഷനറി മലയാളത്തിന്റെ വളർച്ചയ്ക്ക് ഈ പ്രത്യേക സാഹചര്യവും സഹായി ച്ചു.

മതപ്രചരണത്തിനുവേണ്ടി ഇവിടെ ആവിഷ്കരിക്കപ്പെട്ട മിഷനറി മലയാള ഗദ്യത്തെ രണ്ടു ഘട്ടങ്ങളായി തിരിച്ചാണ് ഡോ. സാമുവൽ ചന്ദനപ്പള്ളി പഠനം നടത്തിയിരിക്കുന്നത്.

എ. ഡി. പതിനാറു മുതൽ പതിനെട്ടു വരെയാണ് ഒന്നാം ഘട്ടം. രണ്ടാം ഘട്ടം പതിനെട്ടു മുതൽ പത്തൊൻപ തുവരെയും. കത്തോലിക്കാ മിഷനറി സംഘങ്ങളായ ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ, കാർമ്മലൈറ്റ്, ജസ്യൂ ട്ട്സ് എന്നിവരാണ് ഒന്നാം ഘട്ടത്തിലെ ഗദ്യവികസനത്തിന് മാർഗ്ഗ ദർശനം നൽകിയത്. കൊച്ചികോട്ടയിലും, അമ്പഴക്കാട്ടും, വരാപ്പുഴയും, അതിന്റെ പരിസരപ്രദേശങ്ങളും ആയിരുന്നു അവരുടെ പ്രവർത്തനരംഗങ്ങൾ. വ്യവഹാരഭാഷയുടെ ഉടലും ഉണ്മയും ഉൾകൊണ്ട് ജീവസുറ്റതായ ഒരു ഗദ്യശൈലി അവിടവിടെയായി രൂപ മെടുക്കുന്നതു കാണാം. ഈ നൂറ്റാണ്ടിലുടലെടുത്ത ഗദ്യഗ്രന്ഥങ്ങളുടെ നിർമ്മാതാക്കളിൽ ഭൂരിപക്ഷവും മിഷ നറിമാരെന്നപോലെ നാട്ടുക്രിസ്ത്യാനികളും ആയിരുന്നു. തന്മൂലം തങ്ങൾക്ക് ചിരപരിചിതവും സ്വായത്തവു മായ പ്രാദേശിക ഭാഷാരൂപങ്ങളെ ഗദ്യരചനയ്ക്ക് സ്വീകരിച്ചു. അതുകൊണ്ട് വ്യവഹാര ഭാഷയുടെ പ്രാദേ ശിക മുഖങ്ങൾ അവരുടെ കൃതികളിൽ ദൃശ്യമാകുകയും ചെയ്തു എന്ന് *റവ. ജോർജ് മാത്തൻ കൃതികളും പഠനവും* എന്ന കൃതിയിൽ ഡോ. ചന്ദനപ്പള്ളി രേഖപ്പെടുത്തുന്നു. തന്റെ ഗുരുനാഥനായ പ്രൊഫ. സി. എൽ. ആന്റണിയുടെ പാത പിൻതുടർന്നുകൊണ്ട് ഡോ. സാമുവൽ ചന്ദനപ്പള്ളി ഇങ്ങനെ കണ്ടെത്തുന്നു. "1599 ലെ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ മുതൽ വർത്തമാന പുസ്തകം വരെയുള്ള ഗദ്യ കൃതികളിൽ വ്യവഹാരഭാഷയുടെ സാഹിതീ രൂപത്തിലുള്ള വളർച്ചയുടെ അനുസ്യൂതഗതിയാണ് നാം കാണു ന്നത്. മിഷനറി മലയാളത്തിനു പൊതുവേയുള്ള വൈദേശിക സ്വാധീനവും മതപരമായ പദങ്ങളും പ്രയോഗ ങ്ങളും നീക്കിവെച്ചാൽ ആധുനിക മലയാള ഗദ്യത്തിൽ നിന്നു വളരെയൊന്നും വ്യത്യാസമില്ലാത്തതും അന്നത്തെ വ്യവഹാരഭാഷയോടു കൂറുപുലർത്തുന്ന ഒരു ഭാഷാരീതി ഈ ഗ്രന്ഥങ്ങളിൽ ദൃശ്യമാകുന്നു." ചുരുക്കത്തിൽ ആധുനിക ഗദ്യം അതിന്റെ പൂർണ്ണ തേജസ്സോടും ഓജസ്സോടും രംഗപ്രവേശം ചെയ്യുന്നത് പാതിരി മലയാളത്തിലാണ് എന്ന് നിസ്സംശയം സ്ഥാപിച്ചെടുത്തു ഡോ. ചന്ദനപ്പള്ളി. സാഹിത്യ ചരിത്രത്തിലെ ഈ ദിശാ വ്യതിയാനത്തിലെ വഴികാട്ടിയായ ചന്ദനപ്പള്ളി സാർ നിത്യസ്മരണീയനാകും സംശയമില്ല.

# കറ കളഞ്ഞ വ്യക്തിത്വം

**ഡോ. അലക്സാണ്ടർ ജേക്കബ്**

തുമ്പമൺ വടക്കേടത്ത് കുടുംബത്തിലെ പ്രമുഖനായ ഒരംഗമായിരുന്നു ഡോ. സാമുവൽ ചന്ദനപ്പള്ളി. എന്റെ ചെറുപ്പകാലത്ത് കുടുംബയോഗങ്ങളിൽ പ്രസംഗിക്കുവാൻ വരുമ്പോൾ ആണ് ആദ്യമായി സാറിനെ കാണുവാൻ ഇടയായത്. അഗാധ പണ്ഡിതനായിരുന്ന സാറുമായി അടുത്ത് ഇടപഴകുവാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. എന്റെ ആദ്യത്തെ പുസ്തകത്തിന്റെ അവതാരിക എഴുതി തന്നത് അദ്ദേഹമായിരുന്നു. തിരിച്ച് അദ്ദേഹത്തിന്റെ പ്രസംഗകലയെപ്പറ്റിയുള്ള പുസ്തകത്തിന് അവതാരിക എഴുതുവാനുള്ള അവസരം എനിക്കും ഉണ്ടായി. വിദ്യാർത്ഥി ആയിരിക്കുന്ന കാലം മുതൽ പത്തനംതിട്ട കോളജിലെ മലയാളം ഡിപ്പാർട്ടുമെന്റിൽ ചില ഭൗതികമായ വ്യാപാരങ്ങൾക്കായി പോകുവാൻ ഇടവന്നിട്ടുണ്ട്. പ്രൊഫസർ കുമാരൻനായർ കഴിഞ്ഞ 17 വർഷമായി ഐ.എ. എസ്., ഐ. പി. എസ്. ഉദ്യോഗസ്ഥന്മാരുടെ മലയാളം അദ്ധ്യാപകനായി തീർന്നത് ആ ബന്ധത്തിലൂടെയാണ്. പ്രൊഫസർ തമ്പി, ഫാദർ പടിയറ തുടങ്ങി നിരവധി പേരുമായി ബന്ധമുണ്ടായത് അങ്ങിനെയാണ്. അദ്ദേഹത്തിന്റെ ഗവേഷണങ്ങളിൽ ചെറിയ ചില ജോലികൾ ചെയ്യുവാൻ ഇതു മുഖേന സാദ്ധ്യമായി. പുസ്തകങ്ങളും ലേഖനങ്ങളും Search ചെയ്യുക, Interview സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങളാണ് ചെയ്യുവാൻ പറ്റിയത്. അദ്ദേഹത്തിന്റെ Ph.D Thesis ടൈപ്പ് ചെയ്യുവാനും ബൈന്റ് ചെയ്യുവാനും ദിവസങ്ങളോളം ഞങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചു. യൂണിവേഴ്സിറ്റിയിൽ Thesis സമർപ്പിക്കുവാൻ പോയപ്പോൾ ഞങ്ങൾ രണ്ടുപേരും പകുതി Thesis കൾ വീതം ചുമന്നുകൊണ്ടുപോകുകയായിരുന്നു. D.Litt. ന്റെ Thesis ഉം മറ്റു പുസ്തകങ്ങളും യൂണിവേഴ്സിറ്റിക്ക് സമർപ്പിക്കുവാൻ എന്റെ കാറിൽ ഞങ്ങൾ ഒരുമിച്ചാണ് പോയത്. സാറ് പലപ്പോഴും എടുത്തുപറഞ്ഞിരുന്നു, പല സെമിനാറിലും പങ്കെടുക്കുമ്പോൾ അതിനുള്ള Ground Work ചെയ്യുവാൻ ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചിരുന്നു. തിരുവനന്തപുരത്ത് വന്നാൽ എന്നെ വിളിക്കുകയോ, കാണുകയോ ചെയ്യാതെ അദ്ദേഹം മടങ്ങിയിരുന്നില്ല. അടുത്തകാലത്തായി നടന്ന പുതിയ പള്ളി നിർമ്മാണവും പള്ളി കൂദാശയും സംബന്ധിച്ച് ഒരുപാട് സമയം ഒരുമിച്ച് പ്രവർത്തിക്കുവാൻ ഞങ്ങൾക്ക് അവസരം ലഭിക്കുകയുണ്ടായി. ഓപ്പറേഷനുമുൻപ് എന്നെ കാണണമെന്ന് ആവശ്യപ്പെടുകയും, എന്റെ യാത്ര റദ്ദാക്കി തൃശൂരിൽ നിന്ന് ഞാൻ എറണാകുളത്ത് ചെന്ന് ഓപ്പറേഷന്റെ തലേ ദിവസം ഒരു മണിക്കൂറോളം സംസാരിക്കുകയുണ്ടായി. അത് അവസാനത്തെ കൂടിക്കാഴ്ചയാവും എന്ന് ഞാനും സാറും ഒട്ടും പ്രതീക്ഷിച്ചില്ല. ഈശ്വര നിശ്ചയം മാറ്റുവാൻ കഴിയില്ലല്ലോ.

അദ്ദേഹത്തിന്റെ ഗവേഷണം അതുവരെ ആരും കൈവയ്ക്കാത്ത ഒരു വലിയ മേഖലയിലായിരുന്നു. മിഷനറി സാഹിത്യം എന്ന വലിയ മേഖല മലയാളസാഹിത്യത്തിന്റെയും വ്യാകരണത്തിന്റെയും ഒക്കെ മേഖലകളിൽ മിഷനറിമാർ നടത്തിയ വലിയ കാൽവയ്പ്പുകളെ ലോകത്തിന് മനസ്സിലാക്കി കൊടുത്തത് അദ്ദേഹമാണ്. റവ. ജോർജ് മാത്തന്റെ സംഭാവനകളെപ്പറ്റി അദ്ദേഹത്തിന്റെ പഠനം ഈടുറ്റതാണ്. അദ്ദേഹത്തിന്റെ Ph. D ഗവേഷണഗ്രന്ഥവും വളരെ ആഴത്തിൽ ഉള്ള ഒരു പഠനമാണ്. ഇതിൽ ഒരു ഗ്രന്ഥം എം. എ. മലയാളത്തിന് ടെക്സ്റ്റ്ബുക്കും ആയി. അദ്ദേഹം ഗവേഷണം നടത്തിയ മേഖലകളിൽ ഇനി മറ്റാർക്കും അദ്ദേഹത്തിന്റെ സംഭാവനകളെ പരാമർശിക്കാതെ മുൻപോട്ടുപോകുവാൻ കഴിയില്ല.

പ്രഭാഷണകലയിൽ അദ്ദേഹം അതീവ സമർത്ഥനായിരുന്നു. നിരവധി സ്റ്റേജുകളിൽ ഞങ്ങൾ ഒരുമിച്ചു പ്രസംഗിച്ചിട്ടുണ്ട്. ഭാഷാശുദ്ധിയും ലളിതമായ ശൈലിയിൽ അനർഗ്ഗളമായി ഒഴുകുന്ന ഒരു നദിയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. കേട്ടുകൊണ്ടിരിക്കുവാൻ രസകരവും കേട്ടുകൊണ്ടിരുന്നാൽ മുഷിയാത്തതുമായ വാഗ്വൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു. ഇനി ആ ശബ്ദം കേൾക്കില്ലല്ലോ എന്നുള്ളത് അത്യന്തം ദുഃഖകരമായ ഒരു ഓർമ്മയാണ്.

അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യം ഏവരെയും ആകർഷിച്ചിരുന്നു. യാതൊരു വിധമായ സ്വഭാവദൂഷ്യങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നില്ല. വളരെ അപൂർവ്വം മനുഷ്യർക്കു മാത്രമേ ഒരു ദുശീലവും ഇല്ലാത്ത സ്വഭാവം ഉണ്ടാവുകയുള്ളു. എല്ലാവർക്കും നന്മ ആഗ്രഹിക്കുന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. മണിക്കൂറുകളോളം ഞങ്ങൾ സംസാരിക്കുകയും ദീർഘദൂരം ഒരുമിച്ച് കാറിൽ യാത്ര ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റാരുടെയും ദോഷങ്ങൾ അദ്ദേഹം പറഞ്ഞിരുന്നില്ല. ഇത് ഒരു അസാധാരണമായ സ്വഭാവവൈശിഷ്ട്യം ആയിരുന്നു. പല സെമിനാറുകളിലും തന്റെ അഭിപ്രായം തുറന്നു പറയുന്നതിനും എന്നാൽ മറുപക്ഷത്തിനു യാതൊരു മനഃപ്രയാസവും ഉണ്ടാകാത്ത രീതിയിൽ ആണ് അദ്ദേഹം അതു പറഞ്ഞിരുന്നത്. ഈ കറ കളഞ്ഞ വ്യക്തിത്വം ആരെയും ആകർഷിക്കുന്നതായിരുന്നു.

നിരവധി സ്ഥാപനങ്ങൾ അദ്ദേഹത്തിൽ നിന്ന് ഉത്ഭവമായി. സീഡീസ് ബുക്സ്, അനശ്വര പബ്ലിക്കേഷൻസ്, മലയാള വിഭാഗം പോസ്റ്റ് ഗ്രാജുവേറ്റ്സ് റിസർച്ച് സെന്റർ തുടങ്ങിയവ അതിൽ ചിലതു മാത്രം. അദ്ദേഹത്തിനു ശേഷം ഇവയൊക്കെ തുടർന്നുകൊണ്ടുപോകുവാൻ കഴിയുമോ എന്ന് സംശയമാണ്. കഴിഞ്ഞ ഒരു വർഷമായി ഒരുമിച്ച് പുസ്തകം എഴുതുവാൻ അദ്ദേഹം നിർബന്ധിക്കുകയും അങ്ങനെ രണ്ടു പുസ്തകങ്ങ

ളുടെ പണിപ്പുരയിലായിരുന്നു ഞങ്ങൾ. ഒന്നാമത്തേത് കുട്ടികളുടെ വളർച്ചയിൽ മാതാപിതാക്കൾ വഹിക്കേണ്ട പങ്കിനെപ്പറ്റിയാണ്. രണ്ടാമത്തേത് ഭാരതത്തിന്റെ അപ്പസ്തോലനായ തോമാ ശ്ലീഹായുടെ സുവിശേഷത്തെപ്പറ്റിയുള്ള ഗവേഷണ ഗ്രന്ഥവും. അമേരിക്കയിലെ ഡോ. ടി. സി. സക്കറിയയുടെ ശ്രമത്തോടുകൂടി അമേരിക്കൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ഒരു പോസ്റ്റു ഗ്രാജുവേറ്റ് സ്റ്റഡി സെന്റർ ആരംഭിക്കുവാനും അതിന്റെ ഡയറക്ടർ ആയി സേവനം അനുഷ്ടിക്കുവാനും അദ്ദേഹം തയ്യാറായിരുന്നു.

അദ്ദേഹത്തിന്റെ അമേരിക്കൻ പര്യടനം കഴിഞ്ഞ് മടങ്ങി വന്നശേഷം ഇവ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇനി ആ പുസ്തകങ്ങൾ പൂർത്തികരിയ്ക്കുക എന്നുള്ളത്, അദ്ദേഹത്തിന്റെ ആത്മാവിനോട് എനിക്ക് ചെയ്യുവാൻ കഴിയുന്ന അവസാനത്തെ കാര്യം ആണ്. അതിന്റെ പണിപ്പുരയിലാണ് ഞാൻ. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.